LIBRARY ARCHIVES Kerala Legislative Assembly

എക്സൈസ് വകുപ്പു തന്നെ ടി ലേബലുകളുടെ നിർമ്മാണവും വിതരണവും ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും നിർവ്വഹിക്കണമെന്ന് എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് സർക്കാർ ടി ലേബലുകളുടെ നിർമ്മാണവും വിതരണവും ഇതുമായി ബന്ധപ്പെട്ട മറ്റെല്ലാ കാര്യങ്ങളും എക്സൈസ് വകുപ്പിന്റെ ശക്തമായ മേൽനോട്ടത്തിലും നിയന്ത്രണത്തിലും നടത്തുന്നതിനായി ഉത്തരവായിട്ടുണ്ട്. ഇതിലേക്കായി സർക്കാർ രൂപീകരിച്ച വിദഗ്ധ കമ്മിറ്റി സമർപ്പിച്ച ആർ.എഫ്.പി. സർക്കാരിന്റെ പരിഗണനയിലാണ്. ഹോളോഗ്രാം നിർമ്മാണത്തിലേക്കായി എക്സൈസ് വകുപ്പ് ഇതേവരെ ടെണ്ടർ വിളിച്ചിട്ടില്ല. കൂടാതെ ഹോളോഗ്രാം ലേബൽ നിർമ്മാണത്തിൽ നിന്ന് സി-ഡിറ്റിനെ ഒഴിവാക്കാൻ നിലവിൽ തീരുമാനമെടുത്തിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ നിയന്ത്രണത്തിൽ ഹോളോഗ്രാം സ്റ്റിക്കർ ഇപ്പോഴും സി-ഡിറ്റിൽ തന്നെയാണ് പ്രിന്റ് ചെയ്യുന്നത്.

പുതിയ മദ്യ നയം- അനധികൃത സ്പിരിറ്റ് കടത്ത്, വ്യാജ ചാരായ നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട കേസ്സുകൾ

117 (1984) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ പുതിയ മദ്യ നയം പ്രഖ്യാപിച്ചതിനു ശേഷം അനധികൃത സ്പിരിറ്റ് കടത്ത് ശക്തിപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കാലയളവിൽ എത്ര സ്പിരിറ്റ് കടത്ത് കേസുകളാണ് ഉണ്ടായിട്ടുള്ളത് ;

(സി) എല്ലാം കൂടി എത്ര ലിറ്റർ സ്പിരിറ്റാണ് അനധികൃതമായി കേരളത്തിലേക്ക് കടത്തിയിട്ടുള്ളത് ;

(ഡി) വ്യാജ ചാരായ നിർമ്മാണവുമായി ബന്ധപ്പെട്ട് ഈ കാലയളവിൽ എത്ര പേരെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളത് ;

(ഇ) എത്ര കേസുകളാണ് ഇപ്പോൾ കോടതികളിൽ വ്യാജ മദ്യ നിർമ്മാണവുമായി ബന്ധപ്പെട്ട് ഉള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സർക്കാരിന്റെ പുതിയ മദ്യനയം പ്രഖ്യാപിച്ചതിനുശേഷം അനധികൃത സ്പിരിറ്റ് കടത്ത് ശക്തിപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒറ്റപ്പെട്ട കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സ്പിരിറ്റ് കടത്തുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് 16 കേസ്സുകൾ കണ്ടുപിടിച്ചിട്ടുണ്ട്.

(സി) 19029 ലിറ്റർ സ്പിരിറ്റ് പിടിക്കുടിയിട്ടുണ്ട്.

(ഡി) 211 പേരെ അറസ്റ്റു ചെയ്തിട്ടുണ്ട്.

(ഇ) 733 കേസ്സുകളാണ് കോടതിയിലുള്ളത്.

പുകയില ഉൽപന്നങ്ങളുടെ വിൽപന

118 (1985) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ :

നിരോധിക്കപ്പെട്ട പുകയില ഉല്പന്നങ്ങൾ വിൽപന നടത്തുന്നവർക്കെതിരെയുള്ള ശിക്ഷാ നടപടികൾ എന്തൊക്കെയാണ് ; പ്രസ്തുത ശിക്ഷകൾ വളരെ നിസാരമാണ് എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പുകയില ഉല്പന്നങ്ങൾ വിൽപന നടത്തുന്ന വർക്കെതിരായ ശിക്ഷാ നടപടികൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

Cigarettes & other Tobacco Products Act, 2003-ലെ വ്യവസ്ഥകളനുസരിച്ച് പൊതുസ്ഥലത്ത് പുകവലിക്കുന്നവർക്കെതിരെയും കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു സമീപവും 18 വയസ്സിനു താഴെയുള്ളവർക്കും പുകയില ഉല്പന്നങ്ങൾ വില്പന നടത്തുന്നവർക്കെതിരെ, കർശനമായ നടപടികൾ എക്സൈസ് വകുപ്പ് സ്വീകരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. Cigarettes and other Tobacco Products (Prohibition of Advertisement and Regulation of Trade and Commerce, Production, Supply and Distribution) Act, 2003 പ്രകാരം പൊതുസ്ഥലങ്ങളിൽ പുകവലിക്കു ന്നവർക്കും പുകയിലയുടെ അനുബന്ധ ഉല്പന്നങ്ങളും പ്രായപൂർത്തിയാകാത്തവർക്ക് വിൽക്കുന്നവർക്കുമെതിരെ 200 രൂപ പിഴ ചുമത്തുന്നതിന് വ്യവസ്ഥയുണ്ട്. പുകയില ഉല്പന്നങ്ങളുടെ പരസ്യത്തിനും പ്രചാരണത്തിനും നേരിട്ടും അല്ലാതെയും ഏർപ്പെട്ടിരി ക്കുന്നവർക്കെതിരെ 1000 രൂപ പിഴയോ അല്ലെങ്കിൽ 2 വർഷത്തിൽ കുറയാത്ത ജയിൽവാസമോ അല്ലെങ്കിൽ രണ്ടുംകൂടിയോ ശിക്ഷയായി ലഭിക്കാവുന്നതാണ്. ഇത്തരത്തിൽ ഒരിക്കൽ ശിക്ഷിക്കപ്പെട്ടയാൾ തുടർന്നും ഇതേ കുറ്റം ആവർത്തിക്കുകയാണെങ്കിൽ 5000 രൂപവരെ പിഴയും 5 വർഷം വരെ ജയിൽ ശിക്ഷയും അനുഭവിക്കേണ്ടതാണ്. പുകയിലയുടേയും അനുബന്ധ ഉല്പന്നങ്ങളുടേയും കവറുകളിൽ ഇവയുടെ നിർമ്മാതാക്കൾ

LIBRARY ARCHIVES Kerala Legislative Assembly